Mr. V. K. Aravindaksha Menon *(Chief Engineer).*—(a) The first petition on the subject was received in September, 1933.

(b) This will be considered after direct service connection is effected between Mattancheri and Ernakulam.

Mr. A. Narayana Menon *(Vyttila).*—When is the pipe connection between Ernakulam and Mattancheri to be completed?

Mr. V. K. Aravindaksha Menon *(Chief Engineer).*—It is to be completed within one month. Immediately after that this will be taken up.

Mr. A. Narayana Menon *(Vyttila).*—Are not the people of the locality put to considerable difficulty on account of want of good water and will the Government be pleased to consider this favourably?

Mr. V. K. Aravindaksha Menon *(Chief Engineer).*—The Government will be pleased to consider the matter as favourably as is possible.

Mr. A. V. Moothedan *(Chalakkudi).*—Are the Government aware that the water there is hookworm solution, so very dirty?

Chellanam Panchayat—Irregularities in.

ഏഴുവൻ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ:—

(ക) ചെല്ലാനം പഞ്ചായത്തിലെ ഒരു നോമിനേറ്റഡ് മെമ്പറായ മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ എന്നയാളെ തുടർച്ചയായി നാലഞ്ചു പഞ്ചായത്തുയോഗങ്ങൾക്കു ഹാജരായിട്ടില്ലെന്ന കാരണത്താൽ മെമ്പർ സ്ഥാനത്തുനിന്നു ഒഴിവാക്കാൻ പഞ്ചായത്തു ഡയറക്ടർ അവർകൾ ഗവർമ്മെണ്ടിലേക്കു റിപ്പോർട്ട ചെയ്തിട്ടില്ലെ;

(ഖ) പ്രസ്തുത പഞ്ചായത്തിലെ മറെറാരു മെമ്പറായ മിസ്റ്റർ പി. വി. ജോസഫ് എന്നയാൾ പഞ്ചായത്തു യോഗങ്ങൾക്കു ഹാജരാകാതെയിരുന്നിട്ട ഒരു സംവത്സരത്തിലധികമായിട്ടില്ലെ;

(ഗ) പഞ്ചായത്തുയോഗങ്ങൾക്കു ഒരു സംവത്സരത്തോളംകാലം ഹാജരാകാതെയിരുന്ന മിസ്റ്റർ പി. വി. ജോസഫിനെ പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർസ്ഥാനത്തുനിന്നും നിയമാനുസരണം ഒഴിവാക്കാതിരിപ്പാൻ വല്ല പ്രത്യേക കാരണവുമുണ്ടോ;

(ര) പഞ്ചായത്തു യോഗങ്ങൾക്കു മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ ഹാജരാവുന്നപക്ഷം മുഷ്ക്കന്മാരും പ്രബലന്മാരുമായ തദ്ദേശവാസികളായ ചിലർ അദ്ദേഹത്തെ ഉപദ്രവിക്കുമോ എന്നു ഭയപ്പെട്ടുന്നതായി മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ പഞ്ചായത്തു പ്രസിഡണ്ടിനേയും പഞ്ചായത്തു ഡയറക്ടരേയും അറിയിച്ചിട്ടില്ലെ;

(ഋ) ഇവരെ ഭയന്നു മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ ഇപ്പോൾ തിരുവിതാംകൂറിൽ ചെന്നു അഭയം പ്രാപിച്ചിട്ടുള്ളതായി ഗവർമ്മെണ്ടിന്നറിയാമൊ;

(ന) പ്രസ്തുത പഞ്ചായത്തിലെ ചിറസംരക്ഷണ കരാറുകാരനായ മിസ്റ്റർ സേവിയർ എന്ന ഒരു പ്രമാണിയുടേയും അയാളുടെ ആൾക്കാരുടേയും അയാൾക്കുവേണ്ടി ചില പോലീസ് ഉദ്യോഗസ്ഥന്മാരുടേയും ഭയപ്പെടുത്തലും നിർബന്ധവും മൂലമാണു് മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ മുതലായി മൂന്നു പഞ്ചായത്തു മെമ്പർമാർ കഴിഞ്ഞ വൃശ്ചികത്തിൽ രാജിവെച്ചതെന്നും അല്ലാതെ സ്വമനസ്സാലെ അല്ല എന്നും മറും മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ മുതലായവർ പഞ്ചായത്തു ഡയറക്ടരവർകളേയും പഞ്ചായത്തു പ്രസിഡണ്ടിനേയും അറിയിച്ചിട്ടില്ലെ;

(ഒ) പ്രസ്തുത പഞ്ചായത്തിന്നു സാമാന്യമായും പ്രസിഡെണ്ടവർകൾക്കും മറു ചില മെമ്പർമാർക്കും പ്രത്യേകമായും മിസ്റ്റർ സേവിയറിന്നുവേണ്ടി കൊച്ചിൻ കസ്ബാപോലീസ് ഇൻസ്പെക്ടർ മനഃപൂർവ്വം പല ഉപദ്രവങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കുന്നുണ്ടെന്നും അതിനാൽ ആ പോലീസ് ഇൻസ്പെക്ടർക്കു സ്ഥലംമാറ്റം കൊടുത്താൽകൊള്ളാമെന്നും പഞ്ചായത്തു ഡയറക്ടരവർകളും പോലീസ്സ് കമ്മീഷണവർകളുക്കു ഒരു ഡി. ഒ. അയച്ചിട്ടില്ലെ;

(വ) മിസ്റ്റർ സേവിയർ മുതലായവരെ ഭയന്നിട്ടാണു് മിസ്റ്റർ ഗോവിന്ദൻ മൂപ്പൻ പഞ്ചായത്തു യോഗങ്ങൾക്കു ഹാജരാകാഞ്ഞതെന്നു ഗവർമ്മെണ്ടിനറിയാമൊ; ഇല്ലെങ്കിൽ അതിനെപ്പറ്റി ശരിയായ ഒരു അന്വേഷണം നടത്താതെ മിസ്റ്റർ ഗോവിന്ദൻ മൂപ്പനെ പഞ്ചായത്തു മെമ്പർസ്ഥാനത്തുനിന്നും ഒഴിവാക്കാമോ?

ക്യാപ്റ്റൻ എ. ആർ. പൂയവാം (*Director of Public Health and Panchayats*).—

(ക) മെമ്പറായിരുന്ന ഗോവിന്ദൻമൂപ്പനെ ഒഴിവാക്കുവാൻ റിപ്പോർട്ടു ചെയ്തിട്ടുണ്ടായിരുന്നു.

(ഖ) ഉവ്വ്.

LIBRARY ARCHIVES Kerala Legislative Assembly

(ന) യോഗങ്ങൾക്കു ഹാജരാകാതെയിരുന്നതു മെമ്പരുടെ ഉദാസീനത കൊണ്ടാണെന്നു തോന്നിയില്ല.

(ര) ഇതിനെ സംശയിച്ചു റിപ്പോർട്ട കിട്ടിയിട്ടുണ്ട്.

(ഭ) ചെല്ലാനത്തു ഉണ്ടായിരുന്നില്ല എന്നു അറിയാം.

(ന്യ) ഉവ്വ്.

(ഛ) ഇല്ല.

(വ) ഇല്ല. ഗോവിന്ദൻ മൂപ്പനെ ഒഴിവാക്കിക്കഴിഞ്ഞു.

Chellanam Panchayat—nominations to.

ഏന്യം മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ:—

(ക) ചെല്ലാനം പഞ്ചായത്തിൽ ഏറ്റവും ഒടുവിൽ നടന്ന തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിച്ച മെമ്പർമാർ ഏതേതു സമുദായത്തിൽ പെട്ടവരാണ്;

(ഖ) നോമിനേറു ചെയ്ത മെമ്പർമാർ ഏതേതു സമുദായത്തിൽ പെട്ടവരാണ്;

(ന) പ്രസ്തുത പഞ്ചായത്തിൽ ജനസംഖ്യകൊണ്ടു മൂന്നാമതായി നില്ക്കുന്ന ഈഴവസമുദായത്തിൽനിന്നു ആരെയെങ്കിലും നോമിനേറു ചെയ്തിട്ടുണ്ടോ;

(ര) ഇല്ലെങ്കിൽ അതിനു വല്ല പ്രത്യേക കാരണവുമുണ്ടോ;

(ഭ) ഈഴവരിൽനിന്നു പ്രസ്തുത പഞ്ചായത്തിലെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആരെങ്കിലും വിജയിയായിട്ടുണ്ടോ;

(ന്യ) ഈഴവക്കു തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ ഈഴവരിൽനിന്നും നോമിനേറു ചെയ്യുന്നതാണെന്നു ഗവർമ്മെണ്ടു നിയമസഭയിൽ പ്രസ്താവിച്ചിട്ടില്ലെ; ഉണ്ടെങ്കിൽ

(ഛ) ഗവർമ്മെണ്ടിന്റെ ആ പ്രസ്താവന അനുസരിച്ചു ചെല്ലാനം വില്ലേജ് പഞ്ചായത്തിൽ പ്രവൃത്തിക്കാതിരിപ്പാൻ വല്ല പ്രത്യേക കാരണവുമുണ്ടോ;

(വ) തിരഞ്ഞെടുപ്പിൽ വിജയം സിദ്ധിച്ചിട്ടുള്ള സമുദായത്തിൽനിന്നു തന്നെ ഇപ്പോഴത്തെ ചെല്ലാനം പഞ്ചായത്തിലേക്കു നോമിനേറു ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു?

ക്യാപ്റ്റൻ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).—

LIBRARY ARCHIVES Kerala Legislative Assembly